**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **18-09-2025 - ൽ മറുപടിയ്ക്ക്**

**എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ 30 ലക്ഷം രൂപയുടെ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി നിർദേശിക്കപ്പെട്ട പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; | (എ) | ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ഇക്കോ ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ 30 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടും, (CRZ) ക്ലിയറൻസ് സർട്ടിഫിക്കറ്റും സമർപ്പിക്കുവാനുള്ള ഇക്കോ ടൂറിസം ഡയറക്ടറുടെ നിർദ്ദേശം എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി ലഭ്യമാക്കുവാനും പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി, ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ